04/10/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS  Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/10/2025

1. ക്ഷീരവികസനവകുപ്പിന്റെ 2025-2026 വാർഷികപദ്ധതിയുടെ ഭാഗമായുള്ള എറണാകുളം ജില്ലാ ക്ഷീരസംഗമം ക്ഷീരസഹകരണ സംഘങ്ങളുടെയും വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ മിൽമ, കേരളഫീഡ്സ്, വിവിധ ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ (2025 ഒക്ടോബർ 3, 4 തീയതികളിൽ) പോഞ്ഞാശ്ശേരി ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ ആതിഥേയത്വത്തിൽ പോഞ്ഞാശ്ശേരി മൂൺലൈറ്റ് കൺവെൻഷൻ സെന്ററിൽ നടക്കുന്നു. ക്ഷീരസംഗമത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ, പൊതുസമ്മേളനം എന്നീ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നു. ഇന്ന് (ഒക്ടോബർ 4) പോഞ്ഞാശ്ശേരി മൂൺലൈറ്റ് കൺവെൻഷൻ സെൻററിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ മൃഗസംരക്ഷണ - ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ജില്ലാ ക്ഷീരസംഗമത്തിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. നിയമ-വ്യവസായ - കയർ വകുപ്പ് മന്ത്രി അഡ്വ. പി. രാജീവ് അദ്ധ്യക്ഷത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വഹിക്കുന്നതാണ്. ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, ക്ഷീരവികസനവകുപ്പ് ഡയറക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മിൽമ പ്രതിനിധികൾ, ക്ഷീരകർഷകർ, സഹകാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്നു.

2. തിരുവനന്തപുരം ആനയറ, വി എഫ് പി സി കെ കൃഷി ബിസിനസ്സ് കേന്ദ്രയിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻ തൈകൾ, മാവിൻ തൈകൾ, പ്ലാവിനങ്ങൾ, റംബൂട്ടാൻ, കമുക്, കുരുമുളക് വള്ളികൾ, ജൈവ ഉത്പാദനോപാധികൾ, ചാണകപ്പൊടി (സമ്പുഷ്ടീകരിച്ചത്), വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, മീൻവളം, കപ്പലണ്ടിപ്പിണ്ണാക്ക്, ബ്യുവേറിയ, വെർട്ടിസീലിയം, ട്രൈക്കോ ഡെർമ, മെറ്റാറൈസിയം, എന്നിവയും വാഴ കൃഷിക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ അയർ തുടങ്ങിയവ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 8289907652, 9495311486

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. റബ്ബർബോർഡിന്റെ കീഴിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ താൽകാലികാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവുകളെ നിയമിക്കുന്നതിന് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. ഉദ്യോഗാർത്ഥികൾ സയൻസ്, കൊമേഴ്സ്, ആർട്സ് എന്നീ വിഷയങ്ങളിലേതിലെങ്കിലും കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദം നേടിയവരായിരിക്കണം. കൂടാതെ, കമ്പ്യൂട്ടർ പരിജ്ഞാനവും (എംഎസ് ഓഫീസ്, ടാലി തുടങ്ങിയവയിൽ) മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ആശയവിനിമയം നടത്താൻ കഴിവും ഉള്ളവരായിരിക്കണം. 2025 സെപ്റ്റംബർ 01– ന് 30 വയസ്സ് പൂർത്തിയാകാത്തവരായിരിക്കണം അപേക്ഷകർ. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി 2025 ഒക്ടോബർ 09–ാാംതിയതി രാവിലെ 9.30 ന് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഹാജരാകേണ്ടതാണ്. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2353127

## പരിശീലന പരിപാടി

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ ഒക്ടോബർ 6 ന് **പാലും പാലുത്പന്നങ്ങളും** എന്ന വിഷയത്തിലും, 13 ന് സംരംഭകത്വം സംഗമം,15 ന് എരുമ വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

5. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ഗോട്ട് ആൻഡ് ഷീപ്പ് ഫാം മണ്ണുത്തിയിൽ വച്ച് **ആട് ഫാമിംഗ് ഭാവിയുടെ ബിസിനസ് എന്ന വിഷയത്തിൽ** നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം 06.10.2025 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ നടത്തുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും വിളിക്കേണ്ട നമ്പർ 9447796219.

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## കാർഷിക നിർദേശം

കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ നടാൻ പറ്റിയ സമയമാണിത്. വിത്ത് നട്ട് മുളപ്പിച്ച തൈകൾ 25 ദിവസം പാകമാകുമ്പോൾ പറിച്ച് നടാവുന്നതാണ്. പച്ചക്കറി വിളകൾക്ക് കഴിവതും ജൈവകീടനാശിനികൾ മുൻകൂറായി ഉപയോഗിക്കുന്നതാണ് നല്ലത്. വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തുടങ്ങിയവ പച്ചക്കറി വിളകളിലെ മിക്ക കീടങ്ങളേയും നിയന്ത്രിക്കാൻ ഉപകരിക്കുന്ന ജൈവകീടനാശിനികളാണ് . കൂടാതെ നീരൂറ്റികുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിന് ലെക്കാനിസീലിയം എന്ന ജീവാണുക്കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 5 ഗ്രാം ബാർസോപ്പ് ചേർത്ത് തളിക്കുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നത് രോഗപ്രതിരോധത്തിന് സഹായിക്കും.